# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1132** | **02.05.2017 ൽ മറുപടിയ്ക്ക്**

## തരിശു കിടക്കുന്ന ഭൂമിയിൽ കൃഷി

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ തരിശു കിടന്ന കൃഷി ഭൂമിയിൽ കൃഷി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016-17- ൽ കരനെൽ കൃഷി ഉൾപ്പെടെ 5115 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കാൻ സാധിക്കുകയുണ്ടായി.<br><br>2017-2018 വർഷം തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ, 2957 ഹെക്ടറിന് (25000/-രൂപ കർഷകനും 5000/-രൂപ ഭൂ ഉടമയ്ക്കും )887 ലക്ഷം രൂപയും 2016-2017 വർഷം നടപ്പിലാക്കിയ തരിശു കൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ) ഹെക്ടറിന് 7000/-(5800/- രൂപ കർഷകനും 1200/- രൂപ ഭൂ ഉടമക്കും )നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനും പുറമെ തരിശുനില നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തല അവാർഡ് (ഗ്രാമപഞ്ചായത്ത്, മുനിസിപാലിറ്റി ,ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി) നൽകുന്നതിന് 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2017-2018 വർഷം നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008- |

ഡാറ്റാബാങ്ക് വാലിഡേഷൻ പദ്ധതി യ്ക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2016-17 വർഷം 696.611 ഹെക്ടർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ആരംഭിച്ചു. ഇതിനായി കർഷകർക്ക് ഒരു ഹെക്ടറിന് 30000 രൂപ (25000 രൂപ കർഷകനും 5000 രൂപ ഭൂഉടമയ്ക്കും) നിരക്കിൽ ധനസഹായം അനുവദിച്ചു.

| | |
|---|---|
| ബി) തരിശു കിടന്ന എത്ര ഏക്കർ ഭൂമിയിൽ പുതിയതായി കൃഷി ചെയ്തു എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ? | ബി) 2016-2017 വർഷം കരനെൽ കൃഷി ഉൾപ്പെടെ തരിശു കിടന്ന 5115 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കാൻ സാധിക്കുകയുണ്ടായി. തരിശു കിടന്ന 1741.5275 ഏക്കർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി നടത്തി. |

S. [signature]

**സെക്ഷൻ ഓഫീസർ**